# കഥാകവിതകൾ - 5

## *സംഗമം കാക്കുന്ന വസന്തം*

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

വഴിതെറ്റി,
ധ്രുവനെ കാണാതെ,
നിർവ്വീകരിക്കപ്പെട്ട
കൊക്കിലെ അയസ്കാന്തം
വനമേഖലയിൽ
പ്രവേശനദ്വാരത്തിലെ
മുളങ്കടമ്പ കവയ്ക്കാൻ
കാലുയർത്തവേ,
വസന്തം വന്നണിഞ്ഞെന്ന്
അയാൾ അറിഞ്ഞു:

ഋതുമതിയായ പുഷ്പവനം —
നാസികയിലെ ഗന്ധമുകുളം
പുണരാൻ സൌന്ദര്യ മത്സരം.

ദു:ഖിതയായ, പരാഗസൂക്ത-
പരിവർത്തനം കാത്തു നീണ്ടുതളർന്ന്
ഉപേക്ഷിച്ച മരത്തിൽ നിന്നും
അടർന്ന, അവളെ നോക്കി:
മൂകതയിലും കണ്ണഞ്ചിക്കുന്ന സൂര്യപ്രഭ;
കഥകളി മുദ്രയിൽ കണ്ണുസാധകം ചെയ്ത
മറക്കാത്ത പരിശീലനത്തഴക്കം സമ്മാനം —
“അർപ്പിത”യെന്ന്, ചോദിക്കാതെ
സൂനം പേരു ചൊരിഞ്ഞു.

ഒറ്റപ്പെടലിന്റെ ഓരംചാരിയ
മടുപ്പെന്ന ആവർത്തനപ്പുഴുക്കുത്ത്,
കരിമ്പനക്കാട്ടിലെ കരിംനിഴൽ മായിച്ച്
മാന്ത്രിക സ്പർശത്തിലെന്നപോലെ

കാറ്റിൽ പറന്ന അവളെ പിന്തുടർന്നു —
അച്ചുകൂടത്തിലെ
യാന്ത്രിക ക്ഷണക്കത്തില്ലാതെ;
അരുവിപ്പുറത്ത്,
കൊടുക്കാത്ത ആദ്യപ്രേമലേഖനം മടക്കി
മുജ്ജന്മത്തിൽ പഠിച്ച
***ഒറഗാമിയിൽ മെനഞ്ഞൊഴുകിയ
വള്ളത്തിന്റെ പാർശ്വത്തിൽ
പരന്നു ചിതറിയ
അക്ഷരദു:ഖത്തിന്റെ
ഊതവർണ്ണമഷി ചാലിച്ചതോർത്ത്.

വീടിന്റെ പൂമുഖം കയറിയ അവൾ
ഇതൾച്ചുണ്ട് മാരുതനിൽ വീശി
അയാളെ അകത്തു ക്ഷണിച്ചു —
അകത്തളത്തിൽ സുരഭിയായി;
സന്ദർശനമുറിയിൽ പരിമളമായി;
അടുക്കളയിൽ ചീറ്റുന്ന ഗന്ധമായി;
മട്ടുപ്പാവുവാതിലിൽ അന്നുപൂശിയ
ചുവന്ന പെയിന്റിന്റെ മണമായി;
അകത്തു പ്രവേശനമില്ലെന്ന്
കടന്നാക്രമണ വണ്ടുകൾക്കും
അതിക്രമ ഈച്ചകൾക്കും
മുന്നറിയിപ്പു കൊടുക്കുന്ന
വലിയക്ഷര ഫലകത്തിലെ
ഘ്രാണതർപ്പണമായി.

കൈത നാറുന്ന
വടക്കൻ വീര്യത്തിന്റെ
സുഗന്ധക്കുപ്പി
മൂക്കിൽ മുട്ടിച്ച്,
മുല്ല മണക്കുന്ന
തെക്കൻ കാറ്റായി
കിടപ്പുമുറിയുടെ
തഴുതിട്ട വാതിലിന്റെ

കിറുകിറുയൊച്ചയെ
നാസാരന്ധ്ര സദ്യയാക്കി.

അപ്പോൾ
ഗന്ധം രാഗമായി;
നിറം ഈണമായി;
പശ്ചാത്തലം സംഗീതമായി;
കല്യാണി ഘനഭാവമായി;
വസന്ത ആഗമദേവതയായി;
പുഷ്പമദ്ധ്യ ഉപകരണസംഗീതം
അവരോഹണത്തിൽ പഞ്ചമം മൂളുന്ന
കുയിൽനാദ സ്വരത്തിൽ
കല്യാണവസന്ത സാധകമായി!
*******************************************************************

*** *ഒറഗാമി: കടലാസ്സ് മടക്കിയുണ്ടാക്കുന്ന ജപ്പാൻ കലാരൂപം*